# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -167 | 06.07.2015-ൽ മറുപടിയ്ക്ക്

## വർദ്ധിച്ചുവരുന്ന ഗാർഹിക പീഡനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീമതി.കെ.കെ.ലതിക<br>ഡോ.കെ.ടി.ജലീൽ<br>ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | വർദ്ധിച്ചുവരുന്ന ഗാർഹിക പീഡനങ്ങൾ തടയാൻ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | ജനമൈത്രീ പോലീസിന്റെയും മറ്റു സംവിധാനം ഉപയോഗിച്ച് കുടുംബാംഗങ്ങളെ ബോധവൽക്കരണം നടത്തിയും, വനിതാ സെല്ലിന്റെയും, ഹെൽപ്പ് ലൈനിന്റെയും സഹായത്തോടെ കൗൺസിലിംഗ് നടത്തിയും ഗാർഹിക പീഡന നിയമങ്ങളെക്കുറിച്ചും ശിക്ഷകളെക്കുറിച്ചും അവബോധം നടത്തുന്നുണ്ട്. പോലീസ് സ്റ്റേഷനുകളിൽ സ്ഥാപിച്ചിട്ടുള്ള വനിതാ ഹെൽപ്പ് ഡെസ്ക് വനിതകൾക്ക് ഏത് രീതിയിലുള്ള സഹായവും നൽകുവാൻ പ്രാപ്തരാണ്. ഗാർഹിക പീഡനങ്ങളെക്കുറിച്ചുള്ള പരാതികൾ ലഭിച്ചാൽ Domestic Violence Act അനുസരിച്ച് നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ഗാർഹിക പീഡനകേസുകളിൽ കാരണങ്ങളാകുന്നത് മിക്കവാറും കുടുംബ പ്രശ്നങ്ങൾ സംബന്ധിച്ച് ഉയർന്ന് വരുന്നവയാണെന്ന് മനസ്സിലാക്കാവുന്നതാണ്. ഇത്തരം പരാതികളിൽ ഇരുകക്ഷികളെയും വിളിച്ചു വരുത്തി സംസാരിച്ചും, ആവശ്യമായവയിൽ നിയമപരമായ സഹായം വക്കീൽ മുഖേന സൗജന്യമായി നൽകിയും, കൗൺസിലിംഗുകൾ നടത്തിയും കൂടുതൽ നടപടികൾ ആവശ്യമുള്ളവയിൽ കേസുകൾ രജിസ്റ്റർ ചെയ്യുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. സ്കൂൾ-കോളേജുകൾ കേന്ദ്രീകരിച്ചും SC/ST കോളനികളിലും, കുടുംബശ്രീ യൂണിറ്റുകളിലും സ്ത്രീകൾക്കും, കുട്ടികൾക്കുമെതിരെയും ഉള്ള കുറ്റകൃത്യങ്ങൾക്കെതിരെയും സ്ത്രീ സുരക്ഷയ്ക്കുമായി നിരന്തര ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ വനിതാ സെല്ലിൽ വരുന്ന ഇത്തരം പരാതികളിന്മേൽ കൗൺസിലിംഗ് നടത്തുന്നതിനായി വനിതാ സെല്ലിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന Family Crime Prevention Counselling Centre-ൽ അയയ്ക്കുകയും തുടർ നടപടികൾ സ്വീകരിച്ച് |

വരികയും ചെയ്യുന്നു. ജനമൈത്രി സുരക്ഷാ പദ്ധതികളിൽ കൂടി കുടുംബബന്ധങ്ങളിൽ ഉണ്ടാകുന്ന അസ്വാരസ്യങ്ങൾ സംബന്ധിച്ച് പരിശോധനകൾ നടത്തുകയും, ആവശ്യമായ കൗൺസിലിംഗുകൾ നൽകി വരികയും ചെയ്യുന്നുണ്ട്. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ നേതൃത്വത്തിൽ ബീറ്റ് ഓഫീസർമാർ ഭവനസന്ദർശം നടത്തി ഗാർഹിക പീഡനത്തിനരയാകുന്ന സ്ത്രീകളുടെ വിവരങ്ങൾ ലഭ്യമാക്കാറുണ്ട്. അത്തരം വിവരങ്ങളിൽ ആവശ്യമായ നിയമ നടപടി/കൗൺസിലിംഗ് എന്നിവ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാന പോലീസ് മേധാവി Protection of Women from Domestic Violence എന്ന നിയമത്തെ ആധാരമാക്കി ഗാർഹിക പീഡനം സംബന്ധിച്ച് പോലീസ് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് വിശദമായി ഒരു നിർദ്ദേശം എല്ലാ യൂണിറ്റുകൾക്കും നൽകിയിട്ടുണ്ട് .ഈ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുമുണ്ട്.

(ബി) ഭർത്താക്കന്മാർ മാനസികമായും ശാരീരികമായും പീഡിപ്പിച്ച് കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുന്നുവെന്ന് സ്ത്രീകളിൽ നിന്നും പോലീസിന് ലഭിക്കുന്ന പരാതികളിൽ യഥാസമയം നടപടികളുണ്ടാകുന്നില്ലെന്നുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപൂർവ്വം ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പരാതികൾ ലഭ്യമാകുമ്പോൾ അതിന്മേൽ അന്വേഷണം നടത്തി വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഇത്തരം കേസുകളിൽ ഉന്നതതലങ്ങളിലുള്ള സമ്മർദ്ദങ്ങളെ തുടർന്ന് നിയമാനുസൃതമായ നടപടികളുണ്ടാകുന്നില്ലെന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഗാർഹിക പീഡനങ്ങൾക്കിരയാകുന്നവരുടെ ആക്ഷേപങ്ങളിൽ മുഖം നോക്കാതെ നീതിപൂർവ്വമായ നടപടികൾ ഉണ്ടാകുന്നു എന്ന് ഉറപ്പ് വരുത്താമോ?

(ഡി) ഗാർഹിക പീഡനങ്ങൾക്കിരയാകുന്നവരുടെ ആക്ഷേപങ്ങളിൽ നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള സഹായം ഉൾപ്പെടെയുള്ള നിയമ സാമൂഹ്യ പരിരക്ഷകൾ പോലീസ് യഥാസമയം നൽകി വരുന്നു. Protection of Women from Domestic Violence Act-ൽ പറഞ്ഞിട്ടുള്ള എല്ലാ വിധ സഹായങ്ങളും ഗാർഹിക പീഡനങ്ങൾക്കിരയാകുന്നവർക്ക് പോലീസ് നൽകി വരുന്നു. എല്ലാ കേസുകളും പോലീസ് സത്യസന്ധമായും, നീതിയുക്തവുമായാണ് അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നത്.

സെക്ഷൻ ഓഫീസർ